## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1833** **20-06-2024 - ൽ മറുപടിയ്ക്ക്**

## ഭിന്നശേഷിക്കാരായ സൂപ്പർ ന്യൂമററി ജീവനക്കാരുടെ റഗുലറൈസേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 16.08.1999 മുതൽ 31.12.2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലികമായി ജോലി ചെയ്തിരുന്ന ഭിന്നശേഷി ജീവനക്കാരിൽ നിന്നും 2013-ൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർനിയമിച്ചത് എത്രപേരെയാണ്; അവരെ ഏതെല്ലാം വകുപ്പുകളിലേക്കാണ് വിന്യസിച്ചതെന്ന് വകുപ്പ്, ജീവനക്കാരുടെ എണ്ണം എന്നിവ തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ; ഇപ്രകാരം നിയമിച്ച എത്രപേരാണ് നിലവിൽ ജോലിയിൽ തുടരുന്നതെന്ന് വകുപ്പുകൾ തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (എ) | 18.05.2013ലെ ജി.ഒ(പി) 40/2013/സാ.ക്ഷേ.വ നമ്പർ ഉത്തരവ് പ്രകാരം 16.08.1999മുതൽ 31.12.2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം കെ.എസ് & എസ്.എസ്.ആർ ഭാഗം II, ചട്ടം 9(എ) (I) പ്രകാരം താൽക്കാലികമായി നിയമിക്കപ്പെടുകയും 179 ദിവസം സേവനം പൂർത്തിയാക്കുകയും ചെയ്ത ഭിന്നശേഷിക്കാർക്ക് നിയമനം നൽകുന്നതിനായി, പ്രസ്തുത ജീവനക്കാർ സർവ്വീസിൽ നിന്നും പിരിഞ്ഞ് പോകുമ്പോൾ തസ്തികകൾ ഇല്ലാതാവും എന്ന വ്യവസ്ഥയിൽ 2677 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയും അതിൽ ഏകദേശം 2185 തസ്തികകളിൽ നിയമനം നടക്കുകയും ചെയ്തിട്ടുണ്ട്.<br><br>വിവിധ സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡ്, കോർപ്പറേഷൻ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണസ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ തുടങ്ങി വിവിധ സ്ഥാപനങ്ങളിൽ ഇത്തരത്തിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ഭിന്നശേഷിക്കാർക്ക് പുനർ നിയമനം നൽകിയിട്ടുണ്ട്. ഏതെല്ലാം വകുപ്പുകളിൽ/ സ്ഥാപനങ്ങളിൽ, എത്ര പേരെ വിന്യസിച്ച എന്നത് സംബന്ധിച്ച വിവരവും; നിലവിൽ എത്ര പേർ ജോലിയിൽ തുടരുന്നു എന്ന വിവരവും ശേഖരിച്ചു വരുന്നു. |
| (ബി) | 2013-ൽ പുനർനിയമനം നൽകി പത്ത് വർഷമായെങ്കിലും പ്രസ്തുത ജീവനക്കാരെ ഇതുവരെ റഗുലറൈസ് ചെയ്യാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ; മറ്റ് സർക്കാർ ജീവനക്കാർക്കുള്ള പ്രൊമോഷനോ ഗ്രേഡോ ഇവർക്ക് അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ഇവരെ | (ബി) | 18.05.2013ലെ ജി.ഒ(പി) 40/2013/സാ.ക്ഷേ.വ നമ്പർ ഉത്തരവ് പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിലാണ് പ്രസ്തുത ജീവനക്കാരെ നിയമിച്ചിരിക്കുന്നത് എന്നതിനാൽ സ്ഥിരം ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ ഇവർക്ക് നൽകുന്നതിന് സാധിക്കുകയില്ല. |

| | | | |
|---|---|---|---|
| | റഗുലറൈസ് ചെയ്യുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | | എന്നിരുന്നാലും അവധി, യാത്രാബത്ത, ദിന ബത്ത, വാർഷിക ഇൻക്രിമെന്റ്, മെഡിക്കൽ റീ ഇംമ്പേഴ്സ്മെന്റ്, പങ്കാളിത്തപെൻഷൻ എന്നിവ സ്ഥിരം ജീവനക്കാർക്കുള്ളതുപോലെ ഇവർക്കും ബാധകമാക്കിയിട്ടുണ്ട്. എന്നാൽ സ്ഥലംമാറ്റം, സ്ഥാനക്കയറ്റം, നിരീക്ഷണകാലം പൂർത്തിയാക്കൽ, സീനിയോറിറ്റി എന്നിവ സൂപ്പർ ന്യൂമററി ജീവനക്കാർക്ക് അനുവദനീയമല്ല. പ്രസ്തുത സൂപ്പർ ന്യൂമററി തസ്തികകൾ അതത് വകുപ്പിന്റെ/ സ്ഥാപനത്തിന്റെ cadre strengthൽ ഉൾപ്പെടുത്തിയെങ്കിൽ മാത്രമേ സ്ഥിരം സർക്കാർ ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ ഇവർക്കും നൽകാൻ സാധിക്കുകയുള്ളൂ. സ്ഥിരം ജീവനക്കാർക്കുള്ളതു പോലെ റെഗുലറൈസേഷനും പ്രൊമോഷനും നിലവിലുള്ള ചട്ടപ്രകാരം ഇവർക്ക് അനുവദനീയമല്ല. |
| (സി) | പ്രസ്തുത ജീവനക്കാരുടെ സർവ്വീസ് ആനുകൂല്യങ്ങളും റഗുലറൈസേഷനും അനുവദിച്ച് കിട്ടുന്നതിന് വേണ്ടിയുള്ള സാമൂഹ്യനീതി (ബി) വകുപ്പിന്റെ ബി1-25-2021-എസ്.ജെ.ഡി. നമ്പർ ഫയലിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളും നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | (സി) | 18.05.2013ലെ ജി.ഒ(പി) 40/2013/സാ.ക്ഷേ.വ നമ്പർ ഉത്തരവ് പ്രകാരം വകുപ്പുകളിൽ/വകുപ്പുകൾക്കു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് എത്രപേർക്ക് നിയമനം നൽകി, നിലവിൽ എത്രപേർ സേവനത്തിൽ തുടരുന്നു, എത്രപേർ റെഗുലർ സർവ്വീസിലിരിക്കേ വിട്ടുതൽവാങ്ങി സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായി തുടങ്ങിയ വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ ലഭ്യമാക്കാൻ ബി1/250/2021/ എസ്.ജെ.ഡി. നമ്പർ ഫയലിൽ എല്ലാ വകുപ്പുകളോടും ആവശ്യപ്പെട്ടിരുന്നെങ്കിലും ആരോഗ്യ കുടുംബക്ഷേമം, റവന്യൂ, ആഭ്യന്തരം, വ്യവസായം, ഗതാഗതം, എക്സൈസ് തുടങ്ങിയ വകുപ്പുകൾ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് വിഷയം പരിശോധിക്കുന്നതാണ്. |
| (ഡി) | പതിനാലാം കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ട്രാൻസ്ജെൻഡറുകളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-21)യുടെ പത്താമത് റിപ്പോർട്ടിൽ (തീയതി 02.07.2019) സൂപ്പർ ന്യൂമററിയായി പുനർനിയമനം നൽകിയ ഭിന്നശേഷി ജീവനക്കാർക്ക് എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും അനുവദിക്കണമെന്ന ശിപാർശകളുണ്ടോ; എങ്കിൽ പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിച്ച തുടർ നടപടികൾ എന്തൊക്കെയാണ്; ഇതു സംബന്ധിച്ച് ഏതെല്ലാം വകുപ്പുകളിലേക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) | ശിപാർശയുണ്ട്. പ്രസ്തുത ശിപാർശ സംബന്ധിച്ച് ബഹു. നിയമസഭാസമിതിക്ക് മറുപടി നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഇ) | പ്രസ്തുത ജീവനക്കാർ പത്ത് വർഷമായി ഉന്നയിക്കുന്ന സർവ്വീസ് ആനുകൂല്യങ്ങൾക്കും | (ഇ) | സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായ ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് എന്തെല്ലാം |

| | | | |
|---|---|---|---|
| | റഗുലറൈസേഷനുമായുള്ള ന്യായമായ ആവശ്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | ആനുകൂല്യങ്ങൾ നൽകാമെന്ന് സ്പഷ്ടീകരണം വരുത്തി 03.02.2016ലെ ജി.ഒ (പി) 01/2016 നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അവധി, യാത്രാബത്ത, ദിന ബത്ത, വാർഷിക ഇൻക്രിമെന്റ്, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, പങ്കാളിത്തപെൻഷൻ എന്നിവ സ്ഥിരം ജീവനക്കാർക്കുള്ളതുപോലെ ഇവർക്കും നൽകുന്നുണ്ട്. എന്നാൽ സ്ഥലംമാറ്റം, സ്ഥാനക്കയറ്റം, നിരീക്ഷണകാലം പൂർത്തിയാക്കൽ, സീനിയോറിറ്റി എന്നിവ സൂപ്പർ ന്യൂമററി ജീവനക്കാർക്ക് നിലവിലുള്ള ചട്ടപ്രകാരം അനുവദനീയമല്ല<br><br>സർവ്വീസ് റഗുലറൈസേഷൻ അടക്കം പ്രസ്തുത ജീവനക്കാർ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെ B1/250/2021-എസ്.ജെ.ഡി നമ്പർ ഫയലിൽ പരിശോധിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-21)-പത്താമത് റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട്**

സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-21)-പത്താമത് റിപ്പോർട്ടിന്മേൽ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേലുള്ള റിപ്പോർട്ട് ക്രമനമ്പരിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| ശിപാർശ നം | ശിപാർശ | റിപ്പോർട്ട് |
|---|---|---|

| | | |
|---|---|---|
| 28 | ഭിന്നശേഷിക്കാർക്ക് 2007 മുതൽ പി.എസ്.സി നിയമനങ്ങളിൽ 3% സംവരണം ഏർപ്പെടുത്തുകയും 2004 മുതൽ ആയതിൻെറ ബാക്ക് ലോഗ് നികത്തുന്നതിന് നടപടി സ്വീകരിച്ചു വരികയുമാണ്. എന്നാൽ 16.08.1999മുതൽ 31.12.2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക ജോലി ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയ 2677 ഭിന്നശേഷിക്കാർക്ക് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരനിയമനം നൽകിയെങ്കിലും അവർക്ക് സർവ്വീസ് ആനുകൂല്യങ്ങൾക്ക് അർഹതയില്ലെന്നും ഇവ സംരക്ഷിച്ച് നൽകണമെന്നാവശ്യപ്പെട്ട് സമിതി മുമ്പാകെ ധാരാളം പരാതികൾ ലഭിക്കുന്നുണ്ട്. 07.08.2013- ലെ സ.ഉ(പി) നം. 63/2013/സാ.നീ.വ. പ്രകാരം സൂപ്പർ ന്യൂമററി നിയമനം ലഭിച്ച ഭിന്നശേഷിക്കാർക്ക് സ്ഥിരജിവനക്കാർക്കുള്ളതുപോലെ അവധി, യാത്രാബത്ത, ദിനബത്ത, മെഡിക്കൽ റീ-ഇംബേഴ്സ്മെൻറ് , ഇൻക്രിമെൻറ് , പെൻഷൻ എന്നിവ അനുവദിക്കുന്നുണ്ടെങ്കിലും സീനിയോറിററിയ്ക്കും പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനും പ്രൊമോഷനും മറ്റൊരു ജില്ല/ വകുപ്പിലേയ്ക്ക് സ്ഥലം മാററത്തിനും അർഹതയില്ലെന്ന് 03.02.2016 – ലെ സ.ഉ. (പി) നം. 01/2016/സാ.നീ.വ. നമ്പർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന് സമിതിയ്ക്ക് ബോദ്ധ്യപ്പെട്ടു. ഇത് ഭിന്നശേഷിക്കാരോടുള്ള കടുത്ത വിവേചനമായി സമിതി വിലയിരുത്തുന്നു. എന്നാൽ 1997- ൽ സ്വാതന്ത്ര്യത്തിൻെറ 50 -ാം വാർഷികത്തിലും വികലാംഗ വർഷത്തിലും ഇപ്രകാരം നിയമനം ലഭിച്ച ഭിന്നശേഷിക്കാർക്ക് എല്ലാവിധ സർവ്വീസ് ആനുകൂല്യങ്ങളും അനുവദിച്ചിട്ടുണ്ട് എന്ന വസ്തുത കൂടി പരിഗണിച്ച്, മററു സ്ഥിര ജീവനക്കാർക്ക് അനുവദിക്കുന്ന എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും 07.08.2013 – ലെ പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം സൂപ്പർ ന്യൂമററി നിയമനം ലഭിച്ച ഭിന്നശേഷിക്കാർക്കും അനുവദിച്ച് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | നിലവിൽ സൂപ്പർന്യൂമററി ആയി നിയമിക്കപ്പെടുന്നവരുടെ തസ്തിക സൂപ്പർ ന്യൂമററി ആയതിനാൽ സ്ഥിരം ജീവനക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ നൽകുന്നതിന് സാധിക്കുകയില്ല. എന്നിരിക്കിലും വാർഷിക ഇൻക്രിമെന്റ്, അവധി, യാത്രാ ബത്ത, ദിനബത്ത, മെഡിക്കൽ റീഇംപേഴ്സ്മെന്റ്, പങ്കാളിത്ത പെൻഷൻ എന്നിവ സ്ഥിരജീവനക്കാർക്കുള്ളത് പോലെ അനുവദിക്കുന്നുണ്ട്. സ്ഥലം മാറ്റം, സ്ഥാനക്കയറ്റം, സീനിയോറിറ്റി, നിരീക്ഷണകാലം പൂർത്തിയാക്കൽ എന്നിവ അനുവദിച്ച് നൽകുന്നില്ല. ആയതിനാൽ ടി തസ്തികൾ സൂപ്പർന്യൂമററിയിൽ നിന്നും മാറ്റി അതാത് വകുപ്പിന്റെ cadre strength ൽ ഉൾപ്പെടുത്തിയെങ്കിൽ മാത്രമേ മുഴുവൻ ആനുകൂല്യങ്ങളും നൽകാൻ കഴിയുകയുള്ളൂ. വിവിധ വകുപ്പുകളിൽ ഇപ്രകാരം സൂപ്പർ ന്യൂമററി ആയി ജോലി ചെയ്തുവരുന്നവർക്കായി അതതു വകുപ്പുകളിൽ തസ്തിക കണ്ടെത്തേണ്ടതുണ്ട്. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിക്കുന്നതാണ് . |

| | | |
|---|---|---|
| 31 | 2005 -ലെ ഭിന്നശേഷി സെൻസസ് പ്രകാരം കേരളത്തിൽ ഏകദേശം 8 ലക്ഷത്തോളം ഭിന്നശേഷിക്കാരായ ആളുകളുണ്ട്. ആയതിനാൽ ഇവർക്കായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കുന്ന കാര്യം സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കേണ്ടതാണ്. | സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിതാ ശിശുവികസന വകുപ്പെന്നും സാമൂഹ്യനീതി വകുപ്പെന്നും രണ്ട് വകുപ്പുകളാക്കിയിട്ടുണ്ട്. ഇതിൽ സാമൂഹ്യനീതിവകുപ്പ്<br><br>ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും ട്രാൻസ് ജെൻഡറുകൾക്കും മാത്രമായി രൂപീകരിക്കപ്പെട്ടതാണ്. സാമൂഹ്യനീതി വകുപ്പിന്റെ ഭൂരിഭാഗം സേവനങ്ങളും ഭിന്നശേഷി സംരക്ഷണത്തിന് വേണ്ടിയുള്ളതാണ്. ഇത് കൂടാതെ National Institute of Speech & Hearing (NISH) , State Initiative On Disabilities (SID) , Kerala State handicapped Persons Welfare Corporation (KSHPWC), national Institute of Physical Medicine & Rehabilitation( NIPMR) തുടങ്ങിയ സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ പൂർണ്ണമായും ഭിന്നശേഷിക്കാർക്കായി മാത്രം മാറ്റി വയ്ക്കപ്പെട്ടവയാണ്. കൂടാതെ സാമൂഹ്യ നീതി ഡയറക്ടറുടെ കാര്യാലയത്തിൽ ഭിന്നശേഷിക്കാർക്കായി ഒരു പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഭിന്നശേഷിക്കാർക്ക് മാത്രമായൊരു മറ്റൊരു വകുപ്പിന്റെ പ്രസക്തിയുള്ളതായി തോന്നുന്നില്ല . |

| | | |
|---|---|---|
| 35 | ചികിത്സ സഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നിരവധി പരാതികൾ ഭിന്നശേഷിക്കാരിൽനിന്നും സമിതിക്ക് ലഭിച്ചുവരുന്നുണ്ട്. സാമൂഹ്യനീതി വകുപ്പ് 11.08.2014 – ലെ 11246/സി1/2012 /സാനീവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ നിന്നും തിരുവനന്തപുരം ജില്ലയിൽ മാത്രം എഴുന്നൂററിയൻപതോളം പേർ വികലാംഗ ദുരിതാശ്വാസ നിധി ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ച് കാത്തിരിക്കുന്നുണ്ടെന്നും കോർപ്പസ് ഫണ്ടിൽനിന്നും ലഭ്യമാകുന്ന പലിശ തുക കൊണ്ട് ഓരോ വർഷവും ഓരോ ജില്ലയിലുമുള്ള നൂറിന് താഴെ അപേക്ഷകർക്ക് മാത്രമേ ധനസഹായം അനുവദിക്കുവാൻ കഴിയുന്നുള്ളുവെന്നും ലഭിക്കുന്ന അപേക്ഷകളിൽ മുൻഗണനാക്രമം അനുസരിച്ചാണ് നിലവിൽ ധനസഹായം അനുവദിച്ചു വരുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തന്നെ ചികിത്സാ സഹായം ലഭിക്കുന്നതിൽ കാലവിളംബം ഉണ്ടാകുന്നതായും ലഭിക്കുന്ന ധനസഹായം അപര്യാപ്തമാണെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു. കൂടാതെ നൽകുന്ന തുകയിൽ കാലാനുസൃതമായി വർദ്ധനവ് വരുത്തേണ്ടത് അത്യാവശ്യമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഭിന്നശേഷിക്കാരായ കൂടുതൽ ആളുകൾക്ക് അധികം കാലതാമസമില്ലാതെ ചികിത്സാ ധനസഹായം അനുവദിക്കുവാൻ കഴിയത്തക്കവിധത്തിൽ വികലാംഗ ദുരിതാശ്വാസ നിധിയുടെ കോർപ്പസ് ഫണ്ട് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | വികലാംഗദുരിതാശ്വാസ നിധിയെന്ന നിലയിൽ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ള 2,55,59,000/- രൂപയുടെ പലിശയിൽ നിന്നാണ് നിലവിൽ ഭിന്നശേഷിക്കാരുടെ ചികിൽസാ ധനസഹായം നൽകുന്നത്. ഈ തുക തീരെ അപര്യാപ്തമായതിനാൽ അർഹതയുള്ള എല്ലാവർക്കും യഥാസമയം നൽകുന്നതിന് സാധിക്കുകയില്ല. ആയതിനാൽ ഭിന്നശേഷിക്കാരുടെ അടിയന്തിര ചികിത്സാ ആവശ്യങ്ങൾക്കായി നിബന്ധനകൾക്ക് വിധേയമായി ധനസഹായം നൽകുന്നതിനു പരിരക്ഷ പദ്ധതി വകുപ്പ് നടത്തുന്നുണ്ട്. ഇത് കൂടാതെ RPWD Act 2016, ഭിന്നശേഷി ചട്ടങ്ങൾ, 2020 എന്നിവ പ്രകാരം ഭിന്നശേഷിക്കാരുടെ അടിയന്തിര ആവശ്യങ്ങൾക്കായി സ്റ്റേറ്റ് ഫണ്ട് രൂപീകരിക്കുന്നതിന് നിഷ്കർഷിക്കുന്നു. വ്യക്തമായ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഈ ഫണ്ടുകളെല്ലാം ഏകീകരിച്ച് സ്റ്റേറ്റ് ഫണ്ടാക്കി മാറ്റുന്നതിനും, സി.എസ്.ആർ ഉൾപ്പെടെ ലഭ്യമാക്കി ഇതിലേക്ക് തുക കണ്ടെത്തുന്നതിനുമായി പ്രൊപ്പോസൽ സമർപ്പിക്കാൻ സാമൂഹ്യ നീതി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

മേൽ വിവരങ്ങളും ശിപാർശ നം.29,30 തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ടതായതിനാൽ പ്രസ്തുത ശിപാർശകളിന്മേൽ റിപ്പോർട്ട് നിയമസഭയ്ക്ക് നേരിട്ട് നൽകുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന വിവരവും സമിതിയുടെ മുൻപാകെ സമർപ്പിക്കുന്നു.

റാണി ജോര്ജ്ജ്

പ്രിൻസിപ്പൽ സെക്രട്ടറി